3421/
3/10/18

0

# GOVERNMENT OF KERALA

## Abstract

Vigilance Department- Kerala Lok Ayukta -Enhancement of Annual Pension of Kerala Lok Ayukta and Upa Lok Ayukta - Orders issued.

## VIGILANCE(C)DEPARTMENT

**G.O.(Rt)No.159/2018/VIG** Dated,Thiruvananthapuram, 28/09/2018

Read 1 G.O(P) No.4/2013/Vig dated 31.01.2013.

2 The Central Act 10 of 2018, dated 25.01.2018 of the High Court and Supreme Court Judges (Salaries and Conditions of Service) Amendment Act,2018

3 Letter No.299/LA/A1/2017 dated 31.01.2018 from the Registrar, Kerala Lok Ayukta.

## ORDER

As per Government order read as 1st paper above, Government of Kerala passed Kerala Lok Ayukta and Upa Lok Ayuktas (Conditions of Service) (Amendment) Rules,2013 by adding a proviso to Rule 9 of Kerala Lok Ayukta and Upa Lok Ayuktas (Conditions of Service) Rules, 1999. Accordingly the annual pension of those Lok Ayukta and Upa Lok Ayuktas who retired on or after Ist January, 2006 shall be revised as ₹43,890/- and to ₹34,350/- respectively for one completed year of service as Lok Ayukta or Upa Lok Ayukta as the case may be. It further provides that there shall be a ceiling to the effect that pension payable to the Lok Ayukta and Upa Lok Ayuktas shall not be higher than fifty percent of the pay of the highest post held by them during their entire period. This ceiling shall be applicable only to persons appointed on or after the 6th day of February, 2013.

2. As per Rule 9B of the Lok Ayukta and Upa Lok Ayuktas (Conditions of Service) Rules 1999 the pension which is being paid to the former Lok Ayuktas and Upa Lok Ayuktas shall be revised from time to time at the rate equivalent to the

revision of the pension of Supreme Court Judges/Chief Justice of High Court/ Judge of High Court as the case may be.

3. As per the Central Act read as 2nd paper above, the pension for former High Court Judges has been enhanced from ₹40,000/- to ₹1,12,500/- and the pension for former Chief Justices of High Court has been enhanced from ₹. 45,000/- to ₹.1,25,000/-. Thus in view of Rule 9B,the proviso to Rule 9 has to be amended enhancing the pension payable to the Lok Ayuktas and Upa Lok Ayuktas.

4.The Registrar, Kerala Lok Ayukta as per letter read as 3rd paper above has requested Government to take steps to enhance the pension payable to Lok Ayukta and Upa Lok Ayuktas by amending Rule 9 of Kerala Lok Ayukta and Upa Lok Ayuktas (Conditions of Service) Rules, 1999 .

5. Government have examined the matter in detail and are pleased to enhance the annual pension payable to Lok Ayuktas from ₹ 45,000/- to ₹1,25,000 and Upa Lok Ayuktas from ₹ 40,000/- to ₹ 1,12,500/- with effect from 1.1.2016.

6. Necessary notification amending Rule 9 of the Kerala Lok Ayukta and Upa Lok Ayuktas (Conditions of Service) Rules, 1999 will be issued separately.

(By order of the Governor)
SUBRATA BISWAS
ADDITIONAL CHIEF SECRETARY

To:

The Registrar, Kerala Lok Ayukta.
The Registrar, Subordinate Judiciary (High Court of Kerala), Ernakulam (with covering letter)
The Principal Accountant General (Audit), Kerala, TVPM.
The Accountant General (A&E), Kerala, Thiruvananthapuram.
The GA(SC) Department(vide item No. 2493 dated 27/09/18)
The Law department (vide remarks no. 5642/LegE2/2018/Law dated 10.04.2018)
The Finance department( vide U.O No.848901/ExpA3(PenB3)/291/2018-Fin dated 23.07.2018.
The Information Officer, Web & New Media.
Stock File/Office Copy.

Forwarded /By order
Signature valid
Digitally signed by RASHMI T
Date: 2018.09.29 10:34:24 IST
Reason: Approved
Section Officer

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 27-09-2018

ഫയൽ നം.89/സി3/2018/വിജി. ഇനം നം: 2493

(49) വിഷയം : വിജിലൻസ് വകുപ്പ് - Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 ചട്ടം 9 - ഭേദഗതി വരുത്തുന്നത്.

(50) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.

(51) Vide orders draft G.O submitted for approval through e-file.

50(c) Draft G.O. pl

28/9/18

Approved in e-file

IS

ACS

PRAKASH. C. V
Deputy Secretary
Vigilance Dept.
Government Secretariat
Thiruvananthapuram

M.S. LEKHAKUMARI
Joint Secretary
Vigilance Department
Govt. Secretariat
Thiruvananthapuram

SUBRATA BISWAS IAS
Additional Chief Secretary to Government

## കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | 89/സി3/2018/വി.ജി |
| 2. വകുപ്പ് | : | വിജിലൻസ് (സി) വകുപ്പ് |
| 3. വിഷയം | : | വിജിലൻസ് വകുപ്പ്- Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 ചട്ടം 9- ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 13.08.2018 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | ഉണ്ട് |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ലതാകുമാരി.എം.ബി |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.സുബ്രതാ ബിശ്വാസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.08.2018 |
| 10. കരട് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.08.2018 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 16.09.2018 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24.09.2018 |
| 15. മന്ത്രിസഭ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 ന്റെ ചട്ടം 9- ഭേദഗതി വരുത്തുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. ലോകായുക്തയുടെയും ഉപലോകായുക്തയുടെയും വാർഷിക പെൻഷൻ 01/01/06 തീയതിയോ അതിനുശേഷമോ വിരമിച്ചവർക്ക് യഥാക്രമം 43,890/- രൂപയും 34,350/- രൂപയുമാക്കി വർദ്ധിപ്പിക്കുക എന്ന ഒരു വ്യവസ്ഥ കൂടി Kerala Lok Ayukta/Upa Lok Ayukta (Conditions of Service)(Amendment) Rules 2013 ന്റെ ചട്ടം 9- ൽ ഉൾപ്പെടുത്തിക്കൊണ്ട് 31/01/13 തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 04/13/വിജി ഉത്തരവ് പ്രകാരം Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 ഭേദഗതി വരുത്തുകയും ആയത് 06/02/13 നോ അതിന് ശേഷമോ നിയമിക്കപ്പെടുന്നവർക്ക് മാത്രം ബാധകമാണെന്ന് കൂടി നിശ്ചയിക്കുകയുണ്ടായി. കൂടാതെ ആയത് ലോകായുക്തയുടെയോ ഉപലോകായുക്തയുടെയോ മുഴുവൻ സേവന കാലയളവിലെ ഉയർന്ന ശമ്പളത്തിന്റെ 50% ൽ കൂടുവാൻ പാടില്ല എന്ന ഒരു വ്യവസ്ഥയും കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

3. Kerala Lok Ayukta/Upa Lok Ayukta (Conditions of Service) Rules 1999 ന്റെ ചട്ടം 9-B പ്രകാരം ലോകായുക്തയ്ക്കും ഉപലോകായുക്തയ്ക്കും നൽകികൊണ്ടിരിക്കുന്ന വാർഷിക പെൻഷൻ സുപ്രീം കോടതി ജഡ്ജിമാർക്കും/ ഹൈക്കോടതി ചീഫ് ജസ്റ്റിസുമാർ/ഹൈക്കോടതി ജഡ്ജിമാർ എന്നിവർക്കു നൽകുന്ന പെൻഷന് ആനുപാതികമായി കാലാകാലങ്ങളിൽ പുന:ക്രമീകരിക്കണമെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി.

4. Under Central Act 10 of 2018, High Court and Supreme Court Judges (Salaries and Conditions of Service) Amendment Act 2018 പ്രകാരം ഹൈക്കോടതിയിൽ നിന്നും വിരമിച്ച

ജ് ഡ്ജിമാരുടെ പ്രതിമാസ പെൻഷൻ *Rs.40,000/-*ൽ നിന്നും *Rs.1,12,500/-.*രൂപ യും ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയി വിരമിച്ച ജഡ്ജിമാരുടെ പെൻഷൻ *Rs.45,000/-*ൽ നിന്നും *Rs.1,25,000* രൂപയും ആക്കി വർദ്ധിപ്പിക്കുകയുണ്ടായി. ആയതിനാൽ ചട്ടം 9B യുടെ അടിസ്ഥാനത്തിൽ ലോകായുക്തയുടെയും ഉപലോകായുക്തയുടെയും വാർഷിക പെൻഷൻ വർദ്ധിപ്പിച്ചുകൊണ്ട് Kerala Lok Ayukta/Upa Lok Ayukta(Conditions of Service) Rules 1999 ന്റെ ചട്ടം 9- ഭേദഗതി വരുത്തേണ്ടതാണ്.

5. ലോകായുക്തയുടെയും ഉപലോകായുക്തയുടെയും വാർഷിക പെൻഷൻ വർദ്ധിപ്പിച്ചുകൊണ്ട് Kerala Lok Ayukta/Upa Lok Ayukta(Conditions of Service) Rules 1999 ന്റെ ചട്ടം 9- അനുയോജ്യമായ രീതിയിൽ ഭേദഗതി വരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് രജിസ്ട്രാർ കേരള ലോകായുക്ത സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

6. ആയതിനെ തുടർന്ന് നിയമ വകുപ്പിനോട് അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

*1) എസ്.ആർ.ഒ.81/2013 ആയി വിജ്ഞാപനം ചെയ്ത 2013-ലെ Kerala Lok Ayukta and Upa Lok Ayuktas ( Conditions of Service) (Amendment) ചട്ടങ്ങൾ പ്രകാരം 1999-ലെ Lok Ayukta and Upa Lok Ayuktas (Conditions of Service) ചട്ടങ്ങളിലെ 9-ാം ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ വരുത്തിയ ഭേദഗതി അനുസരിച്ച് 2006 ജനുവരി 1-നോ അതിനുശേഷമോ വിരമിച്ച ലോകായുക്തയുടെയും ഉപ ലോകായുക്തയുടെയും പ്രതിവർഷ പെൻഷൻ, അതതുസംഗതിപോലെ ലോകായുക്തയോ ഉപ ലോകായുക്തയോ ആയി പൂർത്തീകരിച്ച ഒരു വർഷത്തെ സേവനത്തിന് യഥാക്രമം 43,890/- രൂപയും 34,350/-രൂപയും ആയി പരിഷ്കരിക്കേണ്ടതാണെന്ന്, മറ്റ് സംഗതികൾക്കിടയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.*

*2)പ്രസ്തുത ഭേദഗതി ചട്ടങ്ങൾ പ്രകാരം കൂട്ടിച്ചേർത്ത ചട്ടം 9(B) താഴെ പറയും പ്രകാരമാണ്.*

*9(B) Revision in respect of former Lok Ayuktas and Upa Lok Ayuktas:-*

*The pension that is being paid to former Lok Ayuktas and Upa Lok Ayuktas shall be revised from time to time at the rate, equivalent to the*

re[illegible]sion of the pension of Supreme Court Judge/ Chief Justice of High Court/Judge of High Court as the case may be

(3) മേല്പറഞ്ഞ ചട്ടം 9(B)പ്രകാരം 2018-ലെ 10-ാം കേന്ദ്ര ആക്റ്റ് പ്രകാരം High Court Judges (Salaries and conditions of Service) Act. 1954-ന്റെയും Supreme Court Judges (Salaries and Conditions of Service) Act. 1958 ന്റെയും ഷെഡ്യൂളുകളിൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1999-ലെ Kerala Lok Ayukta and Upa Lok Ayuktas (Conditions of Service)Rules ന്റെ 9-ാം ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ ഭേദഗതി വരുത്തുന്നതിൽ നിയമ തടസ്സമില്ല. ആയതിന് ഭരണ വകുപ്പ് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതും ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായേണ്ടതുമാണ്."

7. ധനകാര്യവകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെചേർക്കുന്നു.

"'Finance' concurs to amend Rule 9 of the Lok Ayukta and Upa Lok Ayuktas (Conditions of Service) Rules 1999 by enhancing the pension payable to Lok Ayuktas from Rs.45,000/- to Rs.1,25,000 and Upa Lok Ayuktas from Rs. 40,000/- to Rs.1,12,500/-. This shall be deemed to have come into w.e.f 1.1.2016".

8. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള ലോകായുക്ത/ഉപലോകായുക്ത എന്നിവർക്ക് നൽകി വരുന്ന വാർഷിക പെൻഷൻ 01/01/16 തീയതി മുതൽ യഥാക്രമം Rs.45,000/-ൽ നിന്നും Rs.1,25,000 രൂപയും Rs.40,000/-ൽ നിന്നും Rs.1,12,500/-. രൂപയുമാക്കി വർദ്ധിപ്പിച്ചുകൊണ്ട് Kerala Lok Ayukta/Upa Lok Ayuktas(Conditions of Service) Rules 1999 ന്റെ ചട്ടം 9- ഭേദഗതി വരുത്താവുന്നതാണോ?